## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2612** **05/11/2019 ൽ മറുപടിക്ക്**

### വയനാട് ജില്ലയിൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

**ചോദ്യം**

**ശ്രീ.ഒ. ആർ. കേളു**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനു നൽകിയ സഹായങ്ങൾ വിശദമാക്കാമോ; | (എ) | വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 29 പൊതു ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാരിന്റെ കാലത്ത്, ആകെ 43,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളങ്ങളുടെ നീവീകരണ പദ്ധതി പ്രകാരം രണ്ട് ക്ഷേത്രങ്ങൾക്ക് 7,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷേമത്തിന് വയനാട് ജില്ലയിൽ ഈ സർക്കാർ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, ശമ്പള കുടിശ്ശിക ധനസഹായം, ഓണം ഉത്സവബത്ത എന്നിവ മലബാർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും, പെൻഷൻ, ഗ്രാറ്റുവിറ്റി, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, ഈ സർക്കാരിന്റെ കാലത്ത് ബോർഡിൽ നിന്നും അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക |
|---|---|---|
| 1 | ശമ്പള കുടിശ്ശിക/ഉത്സവബത്ത | 1,14,87,949/- |
| 2 | ഫാമിലി പെൻഷൻ | 1,31,822/- |
| 3 | അവശതാ പെൻഷൻ | 26,500/- |
| 4 | അവശതാ ഗ്രാറ്റുവിറ്റി | 20,000/- |
| 5 | പെൻഷൻ | 4,98,500/- |
| 6 | ഗ്രാറ്റുവിറ്റി | 2,45,000/- |
| 7 | എസ്.എസ്.എൽ.സി. പാരിതോഷികം | 4,500/- |
| 8 | ചികിത്സാ ധനസഹായം | 10,000/- |

സെക്ഷൻ ഓഫീസർ